പാഠം 3

# നിത്യ ഉടമ്പടി

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിന്: ഉല്പത്തി 12:1–3; റോമർ 4:1–5; പുറ. 2:24; ആവ. 5:1–21; 26:16–19; 8:5; മത്തായി 28:10.**

**മനഃപാഠവാക്യം: "ഞാൻ നിനക്കും നിന്റെശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിനു ഞാൻ എനിക്കും നിനക്കും നിന്റെശേഷം തലമുറതലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ നിത്യനിയമമായി സ്ഥാപിക്കും" (ഉല്പത്തി 17:7).**

"വേറൊരു ദൂതൻ ആകാശമദ്ധ്യേ പറക്കുന്നത് ഞാൻ കണ്ടു. ഭൂവാസികളായ സകല ജാതിയും ഗോത്രവും ഭാഷയും വംശവും ആയവരോട് അറിയിപ്പാൻ അവന്റെ പക്കൽ ഒരു നിത്യസുവിശേഷം ഉണ്ടായിരുന്നു" (വെളി. 14:6). "നിത്യസുവിശേഷം" എല്ലായ്പോഴും നിലനിൽക്കുന്നതുപോലെ നിത്യം, എല്ലായ്പോഴും അവിടെ ഉണ്ടായിരുന്നതുപോലെ "ലോകാരംഭത്തിനുമുമ്പ്" (തീത്തൊസ് 1:2) ക്രിസ്തുയേശുവിൽ നമ്മോടു വാഗ്ദത്തം ചെയ്തതുപോലെ എന്നതു ശ്രദ്ധിക്കുക.

അതുകൊണ്ട്, "നിത്യ ഉടമ്പടി"യെക്കുറിച്ച് ബൈബിൾ മറ്റു സമയങ്ങളിലും സംസാരിക്കുന്നതിൽ ആശ്ചര്യപ്പെടേണ്ടതില്ല (ഉല്പത്തി 17:7; യെശ. 24:5; യെഹെ. 16:60; എബ്രാ. 13:20) കാരണം സുവിശേഷത്തിന്റെ അന്തസ്സത്തയാണ് ഉടമ്പടി. ഉടമ്പടിയുടെ അന്തസ്സത്തയാണ് സുവിശേഷം: ദൈവം തന്റെ രക്ഷണ്യ കൃപയും സ്നേഹവും കാരണം നിങ്ങൾ അർഹിക്കാത്തതും ഒരുവേള നേടിയെടുക്കാൻ കഴിയാത്തതുമായ ഒരു രക്ഷ നിങ്ങൾക്കു തരുന്നു; നിങ്ങൾ, അതിനുപകരമായി തിരിച്ച് "അവനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടുംകൂടെ സ്നേഹിക്കണം" (മർക്കൊ. 12:30). അവന്റെ കല്പനകൾ അനുസരിക്കുന്നതിലൂടെ പ്രകടമാകുന്ന ഒരു സ്നേഹം; അവന്റെ കല്പനകളെ പ്രമാണിക്കുന്നതല്ലോ ദൈവത്തോടുള്ള സ്നേഹം" (1 യോഹ. 5:3).

അവന്റെ ഉടമ്പടിയും അത് അനിവാര്യമാക്കിത്തീർത്തവയെല്ലാം വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതുമായ ആവർത്തനപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന പ്രകാരം ഉടമ്പടിയുടെ ആശയത്തെ സംബന്ധിച്ചു നാം ഈ ആഴ്ച ചിന്തിക്കും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഒക്ടോബർ 16 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## ഉടമ്പടിയും സുവിശേഷവും

ബൈബിളിലുടനീളം ഉടമ്പടിയും സുവിശേഷവും ഒരുമിച്ചു പ്രത്യക്ഷപ്പെടുന്നു. യിസ്രായേൽ ജനതയ്ക്കുമുമ്പുതന്നെ ഉടമ്പടിയുടെ ആശയം ഉണ്ടായിരുന്നെങ്കിലും (ഉദാഹരണമായി നോഹയോടുള്ള ഉടമ്പടി), യിസ്രായേൽ ജനത ഉണ്ടാകുന്നതിനു മുമ്പ് ഉടമ്പടി വാഗ്ദത്തം ഉണ്ടാക്കപ്പെട്ടിരുന്നെങ്കിലും അവരുടെ പിതാക്കന്മാരായ ഗോത്രപിതാക്കന്മാരിൽ തുടങ്ങി ദൈവത്തിന്റെ ജനത്തോടുള്ള അവന്റെ പരസ്പര വ്യവഹാരത്തിലൂടെ അത് സ്പഷ്ടമായി വെളിപ്പെടുത്തി. തുടക്കത്തിൽ നിന്നുതന്നെ ഉടമ്പടിയുടെ കേന്ദ്രസത്യം സുവിശേഷമായിരുന്നു അതായത് വിശ്വാസത്താൽ മാത്ര മുള്ള രക്ഷ.

**ഉല്പത്തി 12:1–3; 15:5–18; റോമർ 4:1–5 വായിക്കുക. അബ്രാമിനോട് (പിന്നീട് അബ്രാഹാം) ഉണ്ടാക്കിയ ഉടമ്പടിവാഗ്ദത്തം എന്തായിരുന്നു. ആ ഉടമ്പടിവാഗ്ദത്ത ത്തിൽ സുവിശേഷം വെളിപ്പെട്ടിരിക്കുന്നത് എങ്ങനെയാണ്?**

അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു, അവനോടുള്ള ദൈവത്തിന്റെ വാഗ്ദത്ത ങ്ങളിൽ വിശ്വസിച്ചു, അങ്ങനെ താൻ ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടു. ഈ പ്രഖ്യാപനം എങ്ങനെയായിരുന്നാലും താണതരം കൃപയായിരുന്നില്ല: ഉല്പത്തി 22 ൽ മോറിയാമലയിൽ കാണപ്പെട്ടതുപോലെ, തന്റെ ഉടമ്പടിയുടെ ഫലം അനുസ രണത്തിലൂടെ ഉയർത്തിപ്പിടിക്കുവാൻ അബ്രഹാം തീരുമാനിച്ചു. ഇങ്ങനെയാണെ ന്നിരിക്കിലും, "അവന്റെ വിശ്വാസം നീതിയായി കണക്കിട്ടു" (റോമർ 4:5). അതുകൊ ണ്ടാണ് നൂറ്റാണ്ടുകൾക്കുശേഷം ദൈവം തന്റെ ജനത്തോടുണ്ടാക്കിയ ഉടമ്പടിവാഗ്ദ ത്തങ്ങൾക്കൊത്തവിധം ജീവിക്കുകയെന്നാൽ അർത്ഥമാക്കുന്നത് എന്താണെന്നുള്ള തിന് ഉദാഹരണമായി പൗലൊസ് ഒരു മാതൃകയെന്നവിധം അബ്രഹാമിനെ ഉപയോ ഗിച്ചു.

ഈ വിഷയം ബൈബിളിലുടനീളം പ്രതിധ്വനിക്കുന്നു. പൗലൊസ് മറ്റൊരവസര ത്തിൽ ഇത് ഗലാത്യർ 3:6 ൽ കൊണ്ടുവന്നു. അവിടെ അബ്രഹാമിന്റെ വിശ്വാസ ത്തെപ്പറ്റി അത് "നീതിയായി കണക്കിട്ടു" എന്നു ഉല്പത്തി 15:6 ഉദ്ധരിക്കുകയും നിന്നിൽ സകല ജാതികളും അനുഗ്രഹിക്കപ്പെടും (ഗലാ. 3:9) എന്ന് അബ്രാമിനോട് ആദ്യം ഉണ്ടാക്കിയ വാഗ്ദത്തത്തെ പരാമർശിച്ച് പ്രസ്താവിക്കുകയും ചെയ്തു. ഉട മ്പടിവാഗ്ദത്തങ്ങൾ ഉണ്ടാക്കിയത് എല്ലാവരോടുമാണ്. വിശ്വാസത്തിലുള്ള യെഹൂ ദന്മാർക്കും ജാതികൾക്കും (ഗലാ. 3:7) അങ്ങനെ ന്യായപ്രമാണത്തിന്റെ പ്രവൃത്തി കൂടാതെ വിശ്വാസത്താൽ നീതീകരിക്കപ്പെട്ടവർ – എങ്ങനെയായിരുന്നാലും ഉടമ്പടി കാരണം ന്യായപ്രമാണം അനുസരിക്കുന്നതിന് അവർ കൂടുതൽ കടപ്പെട്ടവരാണ്.

പുതിയ ഉടമ്പടിയെക്കുറിച്ചു യിരെമ്യാവ് സംസാരിക്കുമ്പോൾപോലും താൻ അങ്ങനെ ചെയ്യുന്നത് ന്യായപ്രമാണത്തിന്റെ പശ്ചാത്തലത്തിലാണ്. "എന്നാൽ ഈ കാലം കഴിഞ്ഞശേഷം... ഞാൻ യിസ്രായേൽ ഗൃഹത്തോട് ചെയ്യാനിരിക്കുന്ന നിയമം ഇങ്ങനെയാകുന്നു: ജനമായും ഇരിക്കും" (യിരെ. 31:33). ഇത് "ഞാൻ നിങ്ങളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരിക്കും; ഞാൻ നിങ്ങൾക്കു ദൈവവും നിങ്ങൾ എനിക്കു ജനവുമായിരിക്കും (ലേവ്യ. 26:12) എന്ന് ലേവ്യപുസ്തകത്തെ പ്രതിഫലിപ്പിച്ചു പ്രസ്താവിച്ചിരിക്കുന്നു.

**ന്യായപ്രമാണത്തിന്റെ ഉടമ്പടി ആശയവും സുവിശേഷവും ഒരുമിച്ച് ലോകത്തോടുള്ള ദൈവത്തിന്റെ അന്ത്യമുന്നറിയിപ്പിൻ ദൂതായ വെളിപ്പാട് 14 ലെ മൂന്നു ദൂതന്മാരുടെ ദൂതുമായി എങ്ങനെ കൃത്യമായി ഒത്തുവരുന്നു?**

## ഉടമ്പടിയും യിസ്രായേലും

**“നീ അവരുടെ ദേശം കൈവശമാക്കുവാൻ ചെല്ലുന്നത് നിന്റെ നീതിനിമിത്തവും നിന്റെ ഹൃദയപരമാർത്ഥം നിമിത്തവും അല്ല, ആ ജാതിയുടെ ദുഷ്ടതനിമിത്തവും അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ് എന്ന നിന്റെ പിതാക്കന്മാരോട് യഹോവ സത്യം ചെയ്ത വചനം നിവർത്തിക്കേണ്ടതിനും അത്രേ നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽനിന്നു നീക്കിക്കളയുന്നത്” (ആവ. 9:5; 9:27 കൂടെ കാണുക). ഈ വാക്യത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ഉടമ്പടി വാഗ്ദത്തത്തിന്റെ യാഥാർത്ഥ്യം എങ്ങനെയാണ്?**

ഇവിടെയും കൃപയുടെ ഉടമ്പടി പ്രത്യക്ഷപ്പെടുന്നു: അവർക്കു നിരന്തരമായ തെറ്റുകൾ ഉണ്ടായിരുന്നെങ്കിലും ദൈവം അവർക്കുവേണ്ടി പ്രവർത്തിച്ചു (ഇത് തീർച്ചയായും ഇന്ന് സുവിശേഷം എങ്ങനെ പ്രവർത്തിക്കുന്നു എന്നതുപോലെയാണ്). പിതാക്കന്മാരോടു ചെയ്ത വാഗ്ദത്തം കാരണമായിരുന്നു ആ കൃപ അവരുടെ ഭാവി തലമുറകൾക്കു കൊടുക്കപ്പെട്ടത്. ഉടമ്പടിവാഗ്ദത്തങ്ങൾ മൊത്തമെന്ന നിലയിൽ നല്കപ്പെട്ടിരുന്ന ജനത്തോട് മോശെ ഇടപെട്ടതിൽ, പലപ്പോഴും ഗോത്രപിതാക്കന്മാരോടു ചെയ്ത ഉടമ്പടി വാഗ്ദത്തങ്ങളെ താൻ പരാമർശിച്ചു.

**വായിക്കുക: പുറ. 2:24; 6:8; ലേവ്യ. 26:42. ഉടമ്പടി വാഗ്ദത്തങ്ങൾ പ്രവർത്തിക്കുന്നത് എങ്ങനെ എന്നു നമ്മെ കാണിക്കുവാൻ സഹായിക്കുന്നു എന്നതിനെപ്പറ്റി ഇവിടെ എന്തു പറയപ്പെട്ടിരിക്കുന്നു?**

ദൈവത്തിന്റെ രക്ഷണ്യകൃപയുടെ മഹാപ്രതീകമായ മിസ്രയീമിൽനിന്നുമുള്ള പുറപ്പാടും ദൈവം പിതാക്കന്മാരോടു ചെയ്ത ഉടമ്പടിയുടെ അടിസ്ഥാനമായിരുന്നു. അതായത്, ഉടമ്പടിയുടെ പ്രായോജകർ ജനിക്കുന്നതിനുമുമ്പുതന്നെ അവർക്കുവേണ്ടിയുള്ള വാഗ്ദത്തങ്ങൾ ഉണ്ടാക്കപ്പെട്ടു. അങ്ങനെ അവരുടേതായ ഒരു യോഗ്യതയുമില്ലാതെ തന്നെ (അത്യല്പമായ എന്നു പറയാം). പുറപ്പാടിന്റെ അത്ഭുതങ്ങളിലും സംഭവങ്ങളിലുംകൂടെ അവർക്കുവേണ്ടി ചെയ്ത വാഗ്ദത്ത വിടുതൽ അവർ പ്രാപിച്ചു.

തീർച്ചയായും, സംഗതികൾ അവിടെ അവസാനിച്ചില്ല. മിസ്രയീമിൽനിന്നും അവർ പോയത് എവിടെയാണ്? അതേ, അവരുമായുള്ള ഉടമ്പടി “ആധികാരികമായി” സ്ഥാപിച്ച സീനായിയിലേക്കാണ് പോയത് (പുറ. 20 കാണുക). ആ ഉടമ്പടിയുടെ കേന്ദ്രമെന്നത് സുവിശേഷവും കല്പനയും ആയിരുന്നു. 10 കല്പനയായ ന്യായപ്രമാണം അനുസരിക്കുവാൻ വേണ്ടിയായിരുന്നു അവർ വിളിക്കപ്പെട്ടത്. അവരെ വീണ്ടെടുത്തുകഴിഞ്ഞ (സുവിശേഷം) ദൈവവുമായുള്ള അവരുടെ രക്ഷണ്യബന്ധത്തിന്റെ ഒരു പ്രകടനമായിരുന്നു അത്. അങ്ങനെ ആവർത്തനപുസ്തകത്തിൽ, സീനായിയിൽ ഉറപ്പിച്ച ഉടമ്പടിയിൽ അവരുടെ ഭാഗമായ ആ കല്പനയുടെ അനുസരണത്തിനായി അവർ ആവർത്തിച്ചാവർത്തിച്ചു വിളിക്കപ്പെട്ടു.

**കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ജീവിതത്തിൽ ഇന്ന് ദൈവത്തിന്റെ കല്പന എന്തു പങ്കു വഹിക്കണം. ദൈവവുമായുള്ള നമ്മുടെ അനുഭവത്തിന് ആ കല്പന അത്ര നിർണ്ണായകമായിരിക്കുന്നത് എന്തുകൊണ്ട്?**

## ഉടമ്പടിയുടെ പുസ്തകം

ദൈവത്തിന് തന്റെ ജനവുമായുള്ള ബന്ധത്തെ ചിത്രീകരിക്കുന്നതിനുള്ള ഉടമ്പ ടിയുടെ ആശയം (berit in Hebrew) ബൈബിളിലുടനീളം കാണപ്പെടുന്നെങ്കിലും "ഉടമ്പടിയുടെ പുസ്തകം" എന്നു വിളിക്കപ്പെടുന്ന ആവർത്തനപുസ്തകം എന്ന ഈ വാക്ക് പലപ്പോഴും ആവർത്തനത്തിൽ പ്രത്യക്ഷപ്പെടുന്നു.

**ആവ. 5:1–21 വായിക്കുക. ആവർത്തനപുസ്തകത്തിന് ഉടമ്പടിയുടെ ആശയം (berit) എങ്ങനെ കേന്ദ്രീകൃതമായിരിക്കുന്നു എന്നു കാണിക്കുന്നതിനു സഹായി ക്കുന്ന എന്താണ് ഇവിടെ സംഭവിക്കുന്നത്?**

യിസ്രായേൽമക്കളെ മിസ്രയീമിൽനിന്നും വിടുവിച്ച് അധികനാൾ കഴിയുന്നതി നുമുമ്പ് അവർ വാഗ്ദത്തനാട്ടിൽ പ്രവേശിക്കേണ്ടിയിരുന്നതിനു തൊട്ടുമുമ്പ്, സീനാ യിയിൽവച്ച് ദൈവം അവരുമായി ഉടമ്പടി സ്ഥാപിച്ചു. പിന്നീട് 40 വർഷം വഴിമാറി അലഞ്ഞതിനുശേഷം, ഉടമ്പടി വാഗ്ദത്തത്തിന്റെ ഒരു കേന്ദ്രഭാഗമായ വാഗ്ദത്തനാ ട്ടിൽ അവർ വീണ്ടും പ്രവേശിക്കുന്നതിനു തൊട്ടുമുമ്പ് (ഉല്പത്തി 12:7; പുറ. 12:25) അവരുടെ ഉടമ്പടിബന്ധങ്ങൾ പുതുക്കുന്നത് എത്ര പ്രധാനമായിരിക്കുന്നു എന്ന തിന് ഊന്നൽ കൊടുക്കുന്ന ഒരു വഴിയായ പത്തു കല്പന അവർക്കു വീണ്ടും മോശെ എന്ന വക്താവിലൂടെ കൊടുക്കുന്നു.

അതേ, അവരോടുള്ള അവന്റെ ഇടമ്പടി വാഗ്ദത്തങ്ങൾ അവൻ നിറവേറ്റുവാൻ പോകുകയായിരുന്നു. ഇപ്പോൾ, അവരുടെ ഇടപാടിന്റെ അതിർ ഉയർത്തിപ്പിടിക്കു വാൻ അവർ ചുമതലപ്പെട്ടവരാണെങ്കിലും: "നിങ്ങൾ അനുസരിച്ചു നടക്കേണ്ടതിന് അവൻ നിങ്ങളോടു കല്പിച്ച തന്റെ നിയമമായ പത്തു കല്പന അവൻ നിങ്ങളെ അറിയിക്കയും രണ്ടു കല്പലകയിൽ എഴുതുകയും ചെയ്തു" (ആവ. 4:13). അവൻ അത് സീനായിയിൽ ചെയ്തു, ഇപ്പോൾ, ഈ ലോകത്തിന്റെ ഉത്ഭവത്തിനുമുമ്പു തന്നെയുണ്ടായ "നിത്യഉടമ്പടി"യുടെ ഒരു പ്രകടനമെന്നവിധം നൂറ്റാണ്ടുകൾക്കുമുമ്പ് പിതാക്കന്മാരോടു വാഗ്ദത്തം ചെയ്ത ദേശം കൈവശമാക്കുന്നതിനു തൊട്ടുമുമ്പ് മോവാബിൽവച്ച് അവൻ വീണ്ടും ചെയ്യുകയായിരുന്നു. "സാത്താൻ മനുഷ്യനെ കീഴ ടക്കുകയാണെങ്കിൽ, അവനെ വീണ്ടെടുക്കുന്നതിന് ലോകസ്ഥാപനത്തിനുമുമ്പ് പിതാവും പുത്രനും ഒരു ഉടമ്പടിയിൽ ഒത്തുചേർന്നു. മാനവകുലത്തിനുവേണ്ടി ക്രിസ്തു പകരക്കാരനാകുമെന്ന ഒരു പരിപാവനമായ പ്രതിജ്ഞയിൽ അവർ കര ങ്ങൾ കോർത്തു പിടിച്ചു" -Ellen G. White, The Desire of Ages, p. 834.

ആവ. 5:3 വായിക്കുക. ഈ വാക്യത്തിന്റെ അർത്ഥം നിങ്ങൾ എങ്ങനെ മനസ്സി ലാക്കുന്നു?

**മോശെ അവരോട് എന്തുപറയുകയായിരുന്നു? അവരുടെ പിതാക്കന്മാർ പോയി ക്കഴിഞ്ഞു. പിതാക്കന്മാരോടുണ്ടാക്കിയ അത്ഭുതകരമായ ഉടമ്പടിവാഗ്ദത്തങ്ങൾ ഇപ്പോൾ അവരോട് ഉണ്ടാക്കുകയായിരുന്നു എന്ന വസ്തുതയ്ക്കായിരുന്നിരിക്കണം മിക്കവാറും മോശെ ഊന്നൽ കൊടുക്കുന്നത്. മുൻതലമുറ ചെയ്തതുപോലെ, അവർ താറുമാറാക്കുവാൻ പാടില്ല എന്ന് അവരെ അറിയിക്കുവാനുള്ള മോശെയുടെ വഴി യായിരിക്കുവാൻ കഴിയുമായിരുന്നു ഇത്. വാഗ്ദത്തങ്ങൾ (കടപ്പാടുകൾ) ഇപ്പോൾ അവരുടേതാണ്.**

## അവന്റെ പ്രത്യേക ജനം

യിസ്രായേൽ മരുഭൂമിയിൽ അലഞ്ഞുനടന്ന സമയത്ത് പുരാതന ലോകം എങ്ങനെയുള്ളതായിരുന്നു എന്നു മനസ്സിലാക്കുവാൻ നമുക്കിന്നു പ്രയാസമാണ്. അനർത്ഥം മാത്രം ശേഷിപ്പിച്ചുകൊണ്ട് സാമ്രാജ്യങ്ങൾ വരുകയും പോകുകയുമാണ് ചെയ്തതെങ്കിൽ, യിസ്രായേൽ ജീവിച്ചിരുന്ന അതേ മേഖലയിലുണ്ടായിരുന്ന ചെറിയ വിജാതീയ ദേശക്കാരിൽ പലരെയുംപറ്റി നമുക്കെന്ത് അറിയുവാൻ കഴിയും?

മൊത്തത്തിലുള്ള, എന്നാൽ ഒരു കാര്യം നമുക്കറിയാം, ശിശുബലി ഉൾപ്പെടെ വിഗ്രഹാരാധന, ബഹുദേവതാവാദം എന്നുതുടങ്ങി തികച്ചും തരം താഴ്ത്തുന്ന ചില ആചാരങ്ങളിൽ ഈ ജനം മുഴുകിയിരുന്നു ഇത്രയും തരം താഴ്ന്നതും തിന്മയുമായ ഒരു സംസ്കാരവും ഒരു മതവും അവരുടെതന്നെ സ്വന്തമക്കൾക്ക് എന്തുചെയ്യുമെന്നും ഏതോ ഒരു ദേവന്റെ നാമത്തിൽ അതു ചെയ്യുന്നതും ഒന്നു സങ്കല്പിച്ചുനോക്കുക.

അവർക്കു ചുറ്റുമുള്ള ജാതികളുടെ ആചാരങ്ങൾ പിൻപറ്റുന്നതിനെതിരേ പൗരാണിക യിസ്രായേലിന്റെ ചരിത്രത്തിലുടനീളം ദൈവം ആവർത്തിച്ചാവർത്തിച്ച് മുന്നറിയിപ്പു കൊടുത്തതിൽ അതിശയിക്കുവാനില്ല. “നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്ത് എത്തിയശേഷം അവിടത്തെ ജാതികളുടെ മ്ലേച്ഛതകൾ നീ പഠിക്കരുത്” (ആവ. 18:9). അതിന്റെ കാരണം, ദൈവം ഈ ജനതയെ വിളിച്ചു വേർതിരിച്ചത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയായിരുന്നു. ദൈവവുമായി ഒരു ഉടമ്പടിയിൽ പ്രവേശിച്ചതിലൂടെ അവർ ഒരു പ്രത്യേക ജനവും ആകാശവും ഭൂമിയും സൃഷ്ടിച്ച ലോകത്തിന്റെ ഏകദൈവത്തിന് ഒരു സാക്ഷിയുമായിരിക്കണമായിരുന്നു.

**വായിക്കുക: ആവ. 26:16–19. ദൈവവും യിസ്രായേലും തമ്മിലുള്ള ഉടമ്പടി ബന്ധത്തെ ഈ വാക്യങ്ങളിൽ സംക്ഷിപ്തമാക്കിയിരിക്കുന്നത് എങ്ങനെയാണ്? അവർ ആയിത്തീരേണ്ടിയിരുന്ന തരത്തിലുള്ള ഒരു ജനത്തിൽ, ഉടമ്പടിയോടുള്ള അവരുടെ വിശ്വസ്തത എങ്ങനെയാണ് പ്രകടമാകേണ്ടത്? നമുക്ക് അവിടെനിന്ന് എന്തുപാഠങ്ങൾ പഠിക്കുവാൻ കഴിയും?**

ഇപ്പോൾ എന്നപോലെ, “ഇന്ന്” എന്ന പദം മോശെയുടെ ഈ നാലുവാക്യങ്ങളിലും കാണാവുന്നത് എത്ര മനംകവരുന്നതാണ്. ഈ കാര്യങ്ങൾ ചെയ്യുവാൻ ദൈവം വീണ്ടും കല്പിക്കുന്നു. (താൻ ഈ ആശയത്തെ 17–ാം വാക്യത്തിൽ ആവർത്തിക്കുന്നു). ഈ കാര്യങ്ങൾ ചെയ്യുന്നതിന് ആസകലം ദൈവം കല്പിക്കുന്നു. വിശ്വസ്തരും വിശുദ്ധരും പ്രത്യേകജനവും ആയിരിക്കുക എന്നുള്ളതാണ് വാസ്തവമായും ഉടമ്പടി ജനതയെന്ന വിധമുള്ള അവരുടെ അസ്തിത്വത്തിന്റെ കേന്ദ്രീകരണം. ആയതിനുവേണ്ടി ഈ പ്രത്യേകസമയത്ത് വീണ്ടും അവരെ സമർപ്പിക്കേണ്ടതിന്റെ ആവശ്യമുണ്ട്. ഒരു യഥാർത്ഥ അർത്ഥത്തിൽ, അവർക്ക് “ഏതൽക്കാല സത്യം” ഉണ്ടായിരിക്കുക മാത്രമല്ല, അവർ അവരുടെ സ്വന്തരീതിയിൽ, വരുവാനുള്ള “സത്യമായ”വൻതന്നെ വരുന്നതിനുമുമ്പ് ആ സത്യത്തെ പ്രതിനിധാനം ചെയ്യേണ്ടവരുമായിരുന്നു (യോഹ. 14:6).

**ദൈവത്തിനും അവന്റെ ഉടമ്പടിയുടെ ആവശ്യകോപാധികൾക്കും സമർപ്പിക്കുന്ന “ഇന്ന്” എന്ന ആശയം “ഇന്ന്” നമുക്കുപോലും പ്രസക്തമായിരിക്കുന്നത് എങ്ങനെയാണ്?**

## മറ്റ് ആലങ്കാരികഭാഷകൾ

ദൈവത്തോടുള്ള യിസ്രായേലിന്റെ ഉടമ്പടിയും രാഷ്ട്രങ്ങൾ തമ്മിലുള്ള മറ്റ് ഉടമ്പടിക്കരാറുകളും തമ്മിലുള്ള സമാനതകളെ ഏറെക്കാലംകൊണ്ടുള്ള ബൈബിൾ അടിസ്ഥാനമാക്കിയുള്ള പഠനങ്ങൾ അംഗീകരിച്ചിട്ടുള്ളവയാണ്. ഈ സമാനതകൾ ആശ്ചര്യപ്പെടുത്തുന്നവയാകുവാൻ പാടില്ല. ജനത്തിനു മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്ന ഒരു ചുറ്റുപാടിൽമാത്രം ദൈവം തന്റെ ജനവുമായി പ്രവർത്തിക്കുകയായിരുന്നു.

അതേസമയം, നിയമങ്ങളോടും നിബന്ധനകളോടും ചട്ടങ്ങളോടുംകൂടിയ രണ്ടു പാർട്ടികൾ തമ്മിലുള്ള നിയമപരമായ ഒരു കരാർ അത്ര തണുത്തതും അത്ര ആചാരപരമായതുമായി തോന്നുവാൻ കഴിയും. ആ മൂലതത്ത്വം വാസ്തവത്തിൽ നിലനിൽക്കണമെങ്കിലും (ദൈവമാണ് നിയമദാതാവ്), ദൈവത്തിന് തന്റെ ജനവുമായി ഉണ്ടായിരിക്കണമെന്ന് താൻ ആഗ്രഹിച്ചതരത്തിലുള്ള ബന്ധത്തിന്റെ ആഴവും വീതിയും ഉൾക്കൊള്ളുന്നതിന് ഇതു വേണ്ടുവോളം വിശാലമല്ല. അതുകൊണ്ട് ദൈവവും യിസ്രായേലും തമ്മിലുള്ള ഉടമ്പടിയെന്നവിധം ഇതേ ആശയം ചിത്രീകരിക്കുവാൻ സഹായിക്കുന്നതിന് ആവർത്തനപുസ്തകം മറ്റ് ആലങ്കാരികഭാഷകൾ ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ഇതു കേവലം കൂട്ടിച്ചേർക്കപ്പെട്ട മാനങ്ങൾ കൊടുക്കുന്നതിനാണ്.

**വായിക്കുക: ആവ. 8:5; 14:1; 32:6; 18–20. എപ്രകാരമുള്ള അലങ്കാരപ്രയോഗമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിനു തന്റെ ജനവുമായി ഉണ്ടായിരിക്കണമെന്ന് താൻ ആഗ്രഹിച്ച ബന്ധം വെളിപ്പെടുത്തുന്നതിന് ഇത് എങ്ങനെ സഹായിക്കും:**

**വായിക്കുക: ആവ. 4:20; 32:9. എപ്രകാരമുള്ള അലങ്കാര പ്രയോഗമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. ദൈവത്തിനു തന്റെ ജനവുമായി ഉണ്ടായിരിക്കണമെന്ന് താൻ ആഗ്രഹിച്ച ബന്ധം വെളിപ്പെടുത്തുന്നതിന് ഇത് എങ്ങനെ സഹായിക്കും?**

ഓരോ കാര്യത്തിലും ഏറ്റവും അടുത്തതും ഇറുകിയതും ഏറ്റവും അടുത്ത സ്നേഹബന്ധം പുലർത്തുന്നതും എന്നിങ്ങനെ കുടുംബത്തിന്റെ ആദർശപരമായ ആശയമുണ്ട്! ഇത്തരത്തിലുള്ള ഒരു ബന്ധമാണ് തന്റെ ജനവുമായി ഉണ്ടായിരിക്കണമെന്ന് ദൈവം എല്ലായ്പോഴും ആഗ്രഹിക്കുന്നത്. താൻ ക്രൂശിക്കപ്പെട്ട സമയത്തുണ്ടായ ശിഷ്യന്മാരുടെ ലജ്ജാകരമായ തിരസ്കരണത്തിനുശേഷംപോലും യേശു തന്റെ ഉയിർപ്പിനുശേഷം മറിയയോട് ഇങ്ങനെ പറഞ്ഞു: "നിങ്ങൾ പോയി... എന്നെ കാണും" (മത്തായി 28:10). പുനരുത്ഥാനം ചെയ്ത ക്രിസ്തു എന്ന നിലയിലും "എന്റെ സഹോദരന്മാർ" എന്ന വിധമാണ് ശിഷ്യന്മാരെപ്പറ്റി യേശു പരാമർശിച്ചത്. തീർച്ചയായും അർഹിക്കാത്തവർക്കുവേണ്ടിയുള്ള സ്നേഹത്തിൽനിന്നും ഒഴുകുന്ന സ്നേഹത്തിന്റെയും കൃപയുടെയും ഒരു ഉദാഹരണമായിരുന്നു അത്. അനിവാര്യമാംവിധം അത് മാനവകുലവും ദൈവവും തമ്മിലുള്ള ബന്ധമായിരുന്നു. അതായത്, അയോഗ്യരായവർക്കു നല്കപ്പെടുന്ന കൃപയും സ്നേഹവുമാണത്.

**ഏതുതരത്തിലുള്ള ബന്ധമാണ് നിങ്ങൾക്കു ദൈവമായുള്ളത്? അതേസമയം അവന്റെ കല്പന അനുസരിക്കുന്നതിനുള്ള നിങ്ങളുടെ ഉടമ്പടി ഉത്തരവാദിത്വം മനസ്സിലാക്കിക്കൊണ്ട് ഈ ബന്ധത്തെ ആഴമുള്ളതാക്കുവാനും അവനെ കൂടുതൽ സ്നേഹിക്കുവാൻ പഠിക്കുന്നതിനും എങ്ങനെ കഴിയും? ഈ രണ്ട് ആശയങ്ങളും പരസ്പരവിരുദ്ധമല്ല, എന്നാൽ കുറവുതീർക്കുന്നതായിരിക്കുന്നത് എന്തുകൊണ്ടാണ്?**

## കൂടുതൽപഠനത്തിന്:

"നമ്മുടെ സ്വന്തം ശക്തിയാൽ ന്യായപ്രമാണത്തിന്റെ അവകാശങ്ങളെ നിറവേറ്റുന്നതിന് ബദ്ധപ്പെടുന്നതിലൂടെ മതനിയമസിദ്ധാന്തമനുസരിച്ചുള്ള ജീവിതം ആരായുന്നതിൽ അടിമത്വത്തിന്റെ ഒരു ആത്മാവിനെ ഉണ്ടാക്കുന്നു. ക്രിസ്തുയേശുവിലുള്ള വിശ്വാസത്താലുള്ള കൃപയുടെ ഉടമ്പടിയായ അബ്രാഹാമ്യ ഉടമ്പടിയിൻകീഴിൽ നാം വരുമ്പോൾ മാത്രമേ നമുക്കു പ്രത്യാശയുള്ളൂ. അബ്രാഹാമിനു പ്രത്യാശയുണ്ടായിരുന്നതും അബ്രാഹാമിനോടു പ്രസംഗിച്ചിരുന്നതുമായ അതേ സുവിശേഷം തന്നെയാണ് നമുക്കു പ്രത്യാശയുണ്ടാക്കിയിരുന്നതും ഇന്നു നമ്മോടു പ്രസംഗിക്കപ്പെടുന്നതും. നമ്മുടെ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ അബ്രഹാം നോക്കി." Ellen G. White Comments, The SDA Bible Commentary vol. 6, p. 1077

"മനുഷ്യൻ സാത്താന് കിഴ്പെടുകയാണെങ്കിൽ, അവനെ രക്ഷിക്കുവാൻ പിതാവും പുത്രനും ലോകസ്ഥാപനത്തിനുമുമ്പുതന്നെ ഒരു ഉടമ്പടി ഉണ്ടാക്കിയിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി പുത്രൻ യാഗമായിത്തീരാമെന്ന പരിപാവനമായ ഉടമ്പടി പിതാവും പുത്രനും കൈകോർത്തുപിടിച്ച് ഉറപ്പിച്ചു. പുത്രൻ ഈ വാഗ്ദത്തം നിറവേറ്റി. ക്രൂശിൽ കിടന്നുകൊണ്ട് 'നിവൃത്തിയായി' എന്ന് യേശു നിലവിളിച്ചപ്പോൾ തന്റെ ദൗത്യം നിറവേറ്റി എന്ന് പുത്രൻ പിതാവിനെ അറിയിക്കുകയായിരുന്നു. എന്റെ ദൈവമേ, നിന്റെ ഇഷ്ടം ഞാൻ തികച്ചിരിക്കുന്നു. വീണ്ടെടുപ്പിന്റെ ദൗത്യം ഞാൻ നിറവേറ്റിയിരിക്കുന്നുവെങ്കിൽ, 'ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടുകൂടെ ഇരിക്കണമെന്ന് ഞാൻ ഇച്ഛിക്കുന്നു' (യോഹ. 19:30; 17:24). എലൻ ജി. വൈറ്റ് യുഗങ്ങളുടെ പ്രത്യാശ, പേജ് 849.

## ചർച്ചാചോദ്യങ്ങൾ

1. മാനവകുലം സാത്താന് കീഴ്പെടുകയാണെങ്കിൽ, അവനെ രക്ഷിക്കുവാൻ പിതാവും പുത്രനും ലോകസ്ഥാപനത്തിനുമുമ്പുതന്നെ ഒരു ഉടമ്പടി ഉണ്ടാക്കിയിരുന്നു എന്ന ആശയത്തെപ്പറ്റി ചിന്തിക്കുക. അത് നമുക്ക് എന്തുകൊണ്ട് അത്ര പ്രോത്സാഹജനകമായിരിക്കണം? നാം എന്തുമാത്രം അവന്റെ രാജ്യത്തിൽ ചേർക്കപ്പെടണമെന്നതിനെപ്പറ്റി അവൻ ആഗ്രഹിക്കുന്നു എന്നുള്ളതിനെക്കുറിച്ച് ഇതു നമ്മെ എന്തു പഠിപ്പിക്കണം?
2. പുരാതന യിസ്രായേൽ അവരുടെ കാലത്ത് നിറവേറ്റേണ്ടിയിരുന്ന ഭാഗം, സെവന്ത് ഡേ അഡ്വന്റിസ്റ്റുസഭയെന്ന നിലയിൽ, ഏതു വഴികളിൽ നാം നിറവേറ്റണം? അവർ ചെയ്ത തെറ്റിനെ നമുക്കെങ്ങനെ ഒഴിവാക്കാം?
3. സുവിശേഷവും സുവിശേഷത്തിന്റെ വാഗ്ദത്തങ്ങളും പുതിയ ഉടമ്പടിയുടെ മുഴു ആശയത്തിന്റെയും കേന്ദ്രമായിരിക്കുന്നത് എന്തുകൊണ്ട്? മറ്റു ക്രിസ്ത്യാനികൾ സാധാരണ പഠിപ്പിക്കാറുള്ളതുപോലെ, പുതിയ ഉടമ്പടിയിൻകീഴിൽ ന്യായപ്രമാണവും ന്യായപ്രമാണത്തോടുള്ള അനുസരണവും മാറ്റപ്പെട്ടിട്ടില്ല എന്നു കാണിക്കുവാൻ പുതിയനിയമത്തിൽ ഏതു വാക്യങ്ങൾ കണ്ടെത്തുവാൻ നിങ്ങൾക്കു കഴിയും? പത്തു കല്പന അനുസരിക്കേണ്ടതിന്റെ ആവശ്യകതയെ സുവിശേഷം ഇല്ലായ്മ ചെയ്യുകയാണെന്ന് അനേക ക്രിസ്ത്യാനികളും പറയുന്നത് എന്തുകൊണ്ടാണെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?